സർക്കാർ ഉത്തരവ് പ്രകാരം ഇൻ പ്രിൻസിപ്പൽ സാങ്ഷൻ നൽകിയിട്ടുണ്ട്. പത്തു കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു.

കല്ലേപ്പാലം, വെള്ളാംപാലം, കാർത്തികടവ് മണിയൻകൊല്ലിപ്പാലം എന്നിവയുടെ നിർമ്മാണം

182 (5887) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുണ്ടപ്പറമ്പ്-വെള്ളാട് റോഡിൽപ്പെട്ട കല്ലേപ്പാലം, വെള്ളാംപാലം, കാർത്തികടവ് റോഡിലെ മണിയൻ കൊല്ലിപാലം എന്നിവ നിർമ്മിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചുണ്ടപ്പറമ്പ് വെള്ളാട് റോഡിലെ കല്ലേപ്പാലത്തിന് 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗതിയിലാണ്. വെള്ളാംപാലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മണിയൻകൊല്ലി പാലം നിർമ്മാണത്തിന് 250 ലക്ഷം രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) കല്ലേപ്പാലത്തിന് ഭരണാനുമതി നല്കിക്കഴിഞ്ഞു. മണിയൻകൊല്ലി പാലം, വെള്ളാംപാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കോട്ടയം ഫ്ളൈ ഓവറിന്റെ പ്രവൃത്തികൾ

183 (5888) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ഫ്ളൈഓവറിന്റെ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിലേക്കായി പ്രാഥമിക സർവ്വേ പൂർത്തിയായി റിപ്പോർട്ട് ലഭിച്ചോ ;

(സി) ലഭിച്ചുവെങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിൽ ആകെ ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതിന്റെ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുവാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly